## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 433** **27.09.2016-ൽ മറുപടിയ്ക്ക്**

## സെക്യൂരിറ്റി ഡെപ്പോസിറ്റ്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.സി.മമ്മൂട്ടി:** | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് പിരിച്ചെടുക്കുന്നതിന്റെ മാനദണ്ഡമെന്താണെന്നും, ഏതു ചട്ട / വ്യവസ്ഥ പ്രകാരമാണ് തുക പിരിച്ചെടുക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) സപ്ലൈ കോഡ് 2014-ലെ 67(6) വ്യവസ്ഥയനുസരിച്ച്, ഉപഭോക്താവ് താഴെപ്പറയുംവിധം കേരള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്.<br>(1) ദ്വൈമാസ ബില്ലിംഗ് ഉപഭോക്താക്കൾ ശരാശരി മാസബില്ലിംഗ് തുകയുടെ മൂന്നിരട്ടി തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്.<br>(2) മാസബില്ലിംഗ് ഉപഭോക്താക്കൾ ശരാശരി മാസബില്ലിംഗ് തുകയുടെ രണ്ടിരട്ടി തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്.<br>എന്നാൽ ബി.പി.എൽ. കാറ്റഗറിയിൽപ്പെട്ടതും പ്രതിമാസ ഉപഭോഗം 30 യൂണിറ്റിൽ കൂടാത്തതുമായ ഗാർഹിക ഉപഭോക്താക്കളെ പ്രസ്തുത സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുന്നതിൽ നിന്നും സപ്ലൈകോഡ് 2014-ലെ 67(7) വ്യവസ്ഥയനുസരിച്ച് ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ് സെക്യൂരിറ്റി തുക വർദ്ധിപ്പിക്കുന്നതെങ്കിൽ, ഉപഭോഗം തുടർച്ചയായി കുറഞ്ഞാൽ ആനുപാതികമായി ഡെപ്പോസിറ്റ് റീഫണ്ട് നൽകാറുണ്ടോയെന്നു വ്യക്തമാക്കുമോ; | (ബി) നൽകാറുണ്ട്. സപ്ലൈ കോഡ് 2014-ലെ 73- ാം വ്യവസ്ഥയനുസരിച്ചാണ് ഇപ്രകാരം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (സി) | സെക്യൂരിറ്റി ഡെപ്പോസിറ്റിന് പലിശ നൽകാറുണ്ടോ; എങ്കിൽ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. സപ്ലൈ കോഡ് 2014-ലെ 72- ാം വ്യവസ്ഥയനുസരിച്ച് നിലവിലുള്ള ബാങ്ക് നിരക്കിലാണ് പലിശ നൽകുന്നത്. |
| (ഡി) | സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 31.3.2016-ൽ മൊത്തം എത്ര തുക വൈദ്യുതി ബോർഡിന്റെ കൈവശമുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 31.03.2016 വരെ 2287.31 കോടി രൂപ |
| (ഇ) | കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയ സാഹചര്യത്തിൽ ഓരോ ഉപഭോക്താവിന്റെയും അക്കൗണ്ടിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക എത്രയാണെന്ന് ഓരോ ബില്ലിലും രേഖപ്പെടുത്തി ഉപഭോക്താവിനു നൽകാൻ നിർദ്ദേശം നൽകുമോ? | (ഇ) | ഉപഭോക്താക്കൾ ഒടുക്കിയിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക രേഖപ്പെടുത്തിയ ബില്ലുകളാണ് നിലവിൽ നൽകി വരുന്നത് |

Hemalatha

സെക്ഷൻ ഓഫീസർ